# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2679.** **02.04.2013 –ലെ മറുപടിക്ക്.**

## ഹയർ സെക്കന്ററി സ്കൂളുകളിലെ കണക്ക് അദ്ധ്യാപകർ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. പി. കെ. അബ്ദുറബ്ബ്. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) | കേരളത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ ആകെ കണക്ക് അദ്ധ്യാപ കരുടെഎത്ര അനുവദനീയ തസ്തികകൾ നിലവിലുണ്ട് ; ഓരോ ജില്ലയിലെയും വിവരം പ്രത്യേകമായിഅറിയി ക്കുമോ; | (എ) ഹയർസെക്കന്ററി മാത്തമാറ്റിക്സ് വിഷയത്തിൽ സീനിയർ വിഭാഗത്തിൽ 814 തസ്തികകളും ജൂനിയർ വിഭാഗത്തിൽ 310 തസ്തികകളുമാണ് നിലവിലുള്ളത്. വകുപ്പിലെ അദ്ധ്യാപകരുടെ നിയമനം സംസ്ഥാന തലത്തിലാണ് നടത്തുന്നത്. |
| (ബി) | പ്രസ്തുത ജില്ലകളിൽ മേൽപ്പ റഞ്ഞ എല്ലാ തസ്തികയിലും അദ്ധ്യാപകർ ജോലി നോക്കു ന്നുണ്ടോ ; ഇല്ലായെങ്കിൽ ഓരോ ജില്ലകളിലും എത്ര വീതം തസ്തികകൾ പി.എസ്.സി.നിയമനം നടത്താതെ ഒഴിവായി കിടക്കുന്നുണ്ട്; | (ബി) & (സി) ആകെ സീനിയർ തസ്തികയിൽ20 ഉം ജൂനിയർ തസ്തികയിൽ 100 ഉം ഒഴിവുകൾ ഉണ്ട്. ഇതിൽ സീനിയറിലെ 20ഉം ജൂനിയറിലെ 64 ഒഴിവുകളും ഡിപ്പാർട്ട് മെന്റൽ പ്രൊമോഷന് നീക്കി വച്ചിരിക്കുന്നതാണ്. ജൂനിയർ തസ്തികയിലെ 36 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ഒഴിവുകൾ പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | |

| | | | |
|---|---|---|---|
| (ഡി) | ഹയർ സെക്കന്ററി കണക്ക് അദ്ധ്യാപകരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതുമായി ബന്ധപ്പെട്ടു പരാതികൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ? | (ഡി) | പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**